# 'താങ്ക്സ് ഗിവിങ്' ദിനത്തിൽ ചില നന്ദിസ്തവചിന്തകൾ

എൽസി യോഹന്നാൻ ശങ്കരത്തിൽ
Yohannan.elcy@gmail.com

പിതൃദിനം, മാതൃദിനം, ശിശുദിനം, രാഷ്ട്രദിനം, തുടങ്ങി അനേകം ആഘോഷങ്ങൾ നടക്കുന്നതിനൊപ്പം, അഥവാ അതിലും വിഭവസമൃദ്ധമായും സംതൃപ്തമായും ആഘോഷിക്കുന്ന ദിനം, 'നന്ദി ദിനം' – താങ്ക്സ് ഗിവിംഗ്ഡേ'. ഇംഗ്ലണ്ടിൽ നിന്നും 1620, ഒക്ടോബർ 16 ന 'മേയ്ഫ്ളവർ' കപ്പലിൽ യാത്ര തിരിച്ച 150 ആളുകൾ അനേകം യാതനകൾക്കു ശേഷം ശേഷിച്ച 110 തീർത്ഥാടകർ 1620 ഡിസമ്പർ 21 ന് ൽ അമേരിക്കയിലെ മസ്സാച്ചുസെറ്റ്സിൽ എത്തിയതും, അവിടുത്തെ അമേരിക്കൻ ഇൻഡ്യൻസിലെ ചിലർ അവരെ സ്വീകരിച്ച് ഭക്ഷണപാനീയങ്ങൾ നൽകി തൃപ്തിപ്പെടുത്തിയതിനു പകരമായി അടുത്ത വർഷം ആ തീർത്ഥാടകർ ആതിഥേയർക്ക് വലിയ വിരുന്നൊരുക്കിയതിന്റെ അനുസ്മരണമാണ് അമേരിക്കയുടെ തിരുവോണമായ 'താങ്ക്സ് ഗിവിംഗ്'.

നമുക്ക് എത്രയെത്ര അനുഭവങ്ങളാണ് ഈ ജീവിതത്തിൽ നന്ദി ചൊല്ലുവാനുള്ളത്. ഓരോരുത്തർക്കും ലഭിക്കുന്ന സൗഭാഗ്യങ്ങളും, ദുഃഖങ്ങളും, വേദനകളും, നന്മകളും, തിന്മകളും എല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. സകലത്തിനും ഈശ്വരനു നന്ദിയർപ്പിക്കുക. ഈ ജീവനായി, ജീവിതത്തിനായി, അവയ്ക്കു കാരണഭൂതരായ മാതാപിതാക്കൾക്കായി, നമുക്കു ആതിഥേയത്വം നൽകി ജീവിതം സംപുഷ്ടമാക്കിയ ഈ നാടിനായി, എതെങ്കിലും വിധത്തിൽ നമ്മെ സഹായിക്കാൻ ഒരു ചെറുവിരലെങ്കിലും കാട്ടിത്തന്നവർക്കായി – എപ്പോഴും നന്ദിയോടെ സ്മരിക്കുക എന്നതാണ് ഒരു വ്യക്തിയുടെ ജീവിതത്തിലെ ആദ്യത്തെ കടമ. നന്ദിയുള്ള ഹൃദയമാണ് ഈശ്വരന് എറ്റം പ്രസാദകരമായ നൈവേദ്യം.

ഈ താങ്ക്സ് ഗിവിംഗ് ദിനത്തിൽ എനിക്കു ദൈവത്തിനു നന്ദിയർപ്പിക്കുവാനുള്ള ഒരു സംഭവത്തെപ്പറ്റി ഇവിടെ ഒരു കുറിപ്പെഴുതുകയാണ്. അനേകം അനുഭവങ്ങൾ ഈ അമേരിക്കൻ മണ്ണിലെ 43 വർഷങ്ങളിലെ എന്റെ ജീവിതത്തിലുണ്ടായിട്ടുണ്ടെങ്കിലും ഈ സംഭവം ഒരു വലിയ അത്ഭുതം തന്നെയാണ്. ഇക്കഴിഞ്ഞ നവമ്പർ 1 (2013) ന് ഞങ്ങൾ പുതുതായി പണിയുന്ന ദേവാലയത്തിലേക്ക് കാർപ്പെറ്റ് ഓർഡർ ചെയ്യുന്നതിനായി ക്യൂൻസിലെ ഒരു കാർപ്പെറ്റു കടയിൽ പോയിട്ടു ഞങ്ങൾ (ഞാനും പ്രിയ ഭർത്താവ് യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പായും) തിരികെ എകദേശം ഇരുപതു മൈൽ അകലെയുള്ള ലോംഗ് അയലന്റിലെ ലെവിറ്റൗണിലേക്കു നോർതേൺ സ്റ്റേറ്റ് പാർക്ക്‌വേയിൽ ക്കൂടി കാറിൽ യാത്ര ചെയ്യവേ, എന്തോ കരിയുന്ന മണം കാറിനുള്ളിൽ അനുഭവപ്പെട്ടു, റോഡിന്റെ സൈഡിലേക്കു കയറ്റി കാർ നിർത്തി രണ്ടുപേരും ഇറങ്ങി നോക്കി, കാറിനു കുഴപ്പമൊന്നും കണ്ടില്ല, വീണ്ടും ഞങ്ങൾ യാത്ര തുടങ്ങി., ദേവാലയ പണിസ്ഥലത്തെത്തി, എന്റെ സെൽഫോൺ നോക്കിയപ്പോൾ കാണുന്നില്ല, എവടെപ്പോയെന്നു ഒരു നിശ്ചയവുമില്ല, മറ്റു ഫോണിൽ വിളിച്ചുനോക്കി, എവിടെയുമില്ല, ക്യൂൻസിലെ കാർപ്പെറ്റു കടയിൽ വിളിച്ചുനോക്കി, അവിടെയില്ല, കാർ നിറുത്തിയ സ്ഥലത്തു പോയതാണോയെന്നായി പിന്നത്തെ സംശയം. തിരികെ കാറോടിച്ച് 20 മൈലുകളോളം പോയിട്ട് കാർപ്പെറ്റു കടയുടെ അവിടെ ചെന്നിട്ട് തിരികെ നോർതേൺ സ്റ്റേറ്റു പാർക്ക്‌വേയിലൂടെ വീണ്ടും ഒന്നു കൂടി യാത്ര തുടർന്നു. എവിയൊണു നിറുത്തി ഇറങ്ങിയതെന്ന് യതൊരു ഊഹവും കിട്ടിയില്ല, വഴിയരികിലെല്ലാം ഒരുപോലെ കരിയിലകൾ മൂടിക്കിടക്കുന്നതുമാത്രം,

അതൊരിക്കലും കിട്ടില്ല, വൃഥാ പോകുന്നവന്നെ ഞാൻ പുലമ്പുന്നുണ്ടെങ്കിലും അദ്ദേഹം ഒന്നും സംസാരിക്കാതെ, പള്ളിയുടെയടുത്തുവരെ ചെന്നിട്ട് വീണ്ടും കാർപ്പെറ്റുകടയുടെ അടുത്തേക്കു കാറോടിച്ച് രണ്ടാമതും പോയ വഴിയിൽക്കൂടി യാത്രചെയ്തു. ഒരുസ്ഥലത്തെത്തിയപ്പോൾ പെട്ടെന്ന് റോഡിന്റെ സൈഡിലേക്ക് കാർ കയറ്റി നിറുത്തി, എന്നോട് ഇറങ്ങാൻ പറഞ്ഞു, ഞാൻ
ഇറങ്ങി പത്തടിയോളം പിറകിലേക്ക് പെട്ടെന്ന് എന്റെ ദൃഷ്ടി പതിച്ചു, അതാ, കരിയിലകൾക്കിടയിൽ കിടക്കുന്ന എന്റെ ഫോണിലേക്കു തന്നെയാണ് ദൃഷ്ടി പതിഞ്ഞത്. ഞാൻ സന്തോഷത്തോടെ ഓടിച്ചെന്നു ഫോൺ എടുത്തു. അത്ഭുതമെന്നു പറയട്ടെ, അവിടെത്തന്നെ കാർ നിറുത്തുവാൻ തോന്നിയത് ദൈവനിയോഗം തന്നെ. ദൈവത്തിനു വളരെയേറെ നന്ദി ചൊല്ലി. എല്ലാം ദൈവനടത്തിപ്പ്.